"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ വിനോദ് കുമാർ കെ., ശ്രീ.മുജീബ് ഖാൻ.എ തുടങ്ങിയവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1668/2025 നമ്പർ കേസിലെ 29.09.2025 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.790/2026/LSGD തീയതി,തിരുവനന്തപുരം, 18-03-2026

---

പരാമർശം:-

1. 26.10.2017 തീയതിയിലെ സ.ഉ(സാധാ) നം.3408/2017/തസ്വഭവ
2. ശ്രീ.അഭിലാഷ് എം.ആർ മുതലായവർ ഫയൽ ചെയ്ത OP(KAT) 142/2019 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 11.06.2025 തീയതിയിലെ വിധിന്യായം.
3. ശ്രീ വിനോദ് കുമാർ കെ., സർക്കാരിൽ സമർപ്പിച്ച 05.08.2025 തീയതിയിലെ നിവേദനം.
4. ശ്രീ.മുജീബ് ഖാൻ.എ സർക്കാരിൽ സമർപ്പിച്ച 04.08.2025 തീയതിയിലെ നിവേദനം.
5. ശ്രീ വിനോദ് കുമാർ കെ., ശ്രീ.മുജീബ് ഖാൻ.എ തുടങ്ങിയവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1668/2025 നമ്പർ കേസിലെ 29.09.2025 തീയതിയിലെ ഉത്തരവ്
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.10.2025 തീയതിയിലെ LSGD/PD/32903/2025-DEB5 നമ്പർ കത്ത്.
7. ശ്രീ വിനോദ് കുമാർ കെ., മുതലായവർ ഫയൽ ചെയ്ത CP 1/2026 കോടതിയലക്ഷ്യക്കേസ്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ വിനോദ് കുമാർ കെ., ശ്രീ.മുജീബ് ഖാൻ.എ തുടങ്ങിയവർ സമർപ്പിച്ച പരാമർശം 3,4 നിവേദനങ്ങൾ പ്രകാരം തങ്ങളുടെ ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റി പുന:സ്ഥാപിച്ച് നൽകുന്നതിനും തുടർന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാളുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1668/2025 നമ്പർ കേസിലെ 29.09.2025 തീയതിയിലെ പരാമർശം 5 ഉത്തരവ്

പ്രകാരം അപേക്ഷകരുടെ അനക്ഷർ എ 14, അനക്ഷർ എ15 നിവേദനങ്ങൾ പരിശോധിച്ച്, അപേക്ഷകരെ നേരിൽ കേട്ടതിനുശേഷം, ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷി/സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. ബഹു. ട്രൈബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം അപേക്ഷകരായ ശ്രീ വിനോദ് കുമാർ.കെ, ശ്രീ.മുജീബ് ഖാൻ.എ എന്നിവരെ തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി 28.10.2025 തീയതിയിൽ നേരിൽ കേട്ടു.

3. ശ്രീ വിനോദ് കുമാർ, ശ്രീ.മുജീബ് ഖാൻ എന്നിവരുടെ നിവേദനം പ്രകാരം, 2008 വർഷത്തിൽ തങ്ങൾ മുൻസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചതായും, 2013 വർഷം തങ്ങൾ പൊതുസ്ഥലമാറ്റത്തിന് അപേക്ഷ സമർപ്പിക്കുകയും അപേക്ഷ പരിഗണിച്ച് കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിലേക്ക് സ്ഥലംമാറ്റം അനുവദിക്കുകയും ഉണ്ടായതായും, തുടർന്ന് ഈ സ്ഥലംമാറ്റം അന്തർജില്ലാ സ്ഥലംമാറ്റമായി കണക്കിലെടുത്ത് തങ്ങളുടെ സീനിയോറിറ്റിയും പ്രമോഷനും അന്തർ ജില്ലാ സ്ഥലം മാറ്റത്തിന്റെ വ്യവസ്ഥകൾ പ്രകാരം നിശ്ചയിച്ചിരുന്നതായും അറിയിക്കുന്നു. എന്നാൽ തങ്ങൾ പൊതുസ്ഥലമാറ്റത്തിനാണ് അപേക്ഷ സമർപ്പിച്ചിരുന്നത് എന്നും മാനദണ്ഡങ്ങൾ പ്രകാരം അന്തർജില്ലാ സലമാറ്റത്തിനും അപ്രകാരം സീനിയോറിറ്റി നഷ്ടപ്പെടുത്തുന്നതിനുള്ള സമ്മതപത്രവും സമർപ്പിച്ചിരുന്നില്ല എന്നും ആയതിനാൽ തങ്ങളുടെ സീനിയോറിറ്റിയും പ്രൊമോഷനും മുൻകാല പ്രാബല്യത്തോടെ പുനസ്ഥാപിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 6 റിപ്പോർട്ട് പ്രകാരം ശ്രീ.മുജീബ് റഹ്മാൻ 10.12.2008 തീയതിയിൽ കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിലും, ശ്രീ വിനോദ് കുമാർ 21.01.2008 തീയതിയിൽ ഒറ്റപ്പാലം നഗരസഭയിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചതായും, 2013 വർഷം അപേക്ഷകർ പൊതുസ്ഥലമാറ്റത്തിന് അപേക്ഷ സമർപ്പിക്കുകയും ടിയാളുകളുടെ അപേക്ഷ പരിഗണിച്ച് ഇരുവർക്കും കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിലേക്ക് സ്ഥലംമാറ്റം അനുവദിക്കുകയും ഉണ്ടായി. ടി സ്ഥലംമാറ്റ ഉത്തരവിൽ അന്തർജില്ലാ സ്ഥലംമാറ്റം ആണെന്നോ സ്ഥലംമാറ്റം ലഭിക്കുന്ന ജില്ലയിൽ ജൂനിയർ ആയി പരിഗണിക്കുമെന്നോ സൂചിപ്പിച്ചിട്ടില്ലായിരുന്നു. 2013-14 കാലയളവിൽ നടന്ന പൊതുസ്ഥലംമാറ്റത്തിന്റെ ഉത്തരവുകൾ പുന:പരിശോധിക്കണമെന്നും സ്ഥലംമാറ്റം ലഭിച്ചവരെ മാതൃ ജില്ലയിലേക്ക് സീനിയോറിറ്റി നഷ്ടമാകാത്ത വിധം മാറ്റി നിയമിക്കണം എന്നും 26.10.2017 തീയതിയിലെ സ.ഉ(സാധാ)നം.3408/2017/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും, ടി ഉത്തരവിനെതിരെ ജൂനിയർമാരായ ഉദ്യോഗസ്ഥർ ചേർന്ന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2720/2017 നമ്പർ കേസിലെ 31/05/2018 ലെ ബഹു.ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവ് വഴി 26.10.2017-ലെ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തു. തുടർന്ന് ശ്രീ സനൽ രാജ്, രഞ്ജിത് ഡി എന്നിവർ OA 1471/2018 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. ബഹു.ട്രൈബ്യൂണലിന്റെ, OA 2720/2017, 3018/2017, 2144/2018, 1471/2018 കേസുകളിലെ 22.02.2019 തീയതിയിലെ വിധിന്യായത്തിൽ പ്രസ്തുത സ്റ്റേ നീക്കം ചെയ്തു കൊണ്ട് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. കേസിലെ കക്ഷികൾക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ഉചിതമായ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്നാണ് ബഹു.ട്രൈബ്യൂണൽ ഉത്തരവായത്. ടി വിധിന്യായത്തിനെതിരെ ശ്രീ അഭിലാഷ് എം ആർ എന്നയാൾ ബഹു.ഹൈക്കോടതി ഡിവിഷൻ

ബെഞ്ചിൽ കേസ് മുമ്പാകെ OP(KAT)206/2019, OP(KAT) 142/2019, OP(KAT) 29/2020, OP(KAT) 5/2020 ഫയൽ ചെയ്തു. ബഹു ഹൈക്കോടതി 03/04/2019 തീയതിയിൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് സ്റ്റേ ചെയ്യുകയും, ബഹു ഹൈക്കോടതിയുടെ OP(KAT)206/2019, OP(KAT) 142/2019, OP(KAT) 29/2020, OP(KAT) 5/2020 എന്നീ കേസുകളിലെ 11/06/2025 തീയതിയിലെ പരാമർശം(2) വിധിയിൽ, ശ്രീ സനിൽരാജ് ഡി മുതൽ പേരുടെ സീനിയോരിറ്റി പുനസ്ഥാപിച്ച് അനുകൂലമായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു ..

5. ഹിയറിങ് വേളയിൽ അപേക്ഷകർ സമർപ്പിച്ചിട്ടുള്ള രേഖകളുടെയും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വസ്തുതകൾ വ്യക്തമായിരുന്നു:

(i) അപേക്ഷകർ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന ജില്ല കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാതല റിക്രൂട്ട്മെൻറ് മുഖേന കോഴിക്കോട് വയനാട് കോട്ടയം ജില്ലകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിയമനം നേടിയിട്ടുള്ളവരാണ് എന്ന് കോടതി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള കേരള പബ്ലിക് സർവീസ് കമ്മീഷന്റെ വിജ്ഞാപനത്തിൽ തന്നെ നോട്ട് മൂന്ന് പ്രകാരം ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് നിയമനം ലഭിച്ച ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല എന്നും അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ G.O(Ms)No.4/61/PD-ലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും എന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. G.O(P) No.36/91/P&ARD dated 02.10.1991 ലെ ഖണ്ഡിക 6 പ്രകാരം ഒരു വർഷം ഒരു ജില്ലയിൽ ഒരു വകുപ്പിൽ പ്രത്യേക ക്യാറ്റഗറിയിൽ ഉണ്ടാകുന്ന ഒഴിവിന്റെ 10% മാത്രമാണ് ഇൻറർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ മുഖേന നികത്താൻ കഴിയുന്നത്.എന്നാൽ അപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണോ അപേക്ഷകർക്ക് സ്ഥലം മാറ്റം അനുവദിച്ചത് എന്ന് വ്യക്തമല്ല. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം അപേക്ഷകർ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരുന്നില്ല എന്നും പൊതു സ്ഥലം മാറ്റത്തിനാണ് അപേക്ഷിച്ചിരുന്നത് എന്നും റിപ്പോർട്ട് ചെയ്തിരുന്നതാണ്.

(ii) 26.10.2017 തീയതിയിലെ G.O(Rt) No.3408/2017/LSGD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ, നഗരകാര്യ ഡയറക്ടറുടെ ഓഫീസിന് വന്നിട്ടുള്ള സാരമായ വീഴ്ച മൂലമാണ് മാനദണ്ഡങ്ങൾ പാലിക്കാതെയും വ്യവസ്ഥകൾ വ്യക്തമാക്കാതെയും സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചത് എന്ന് കണ്ടെത്തിയിരിക്കുന്നു. ജില്ലാതല നിയമനം ലഭിച്ച ജീവനക്കാർക്ക് 2013ലെയും 2014ലെയും സ്ഥലംമാറ്റ ഉത്തരവുകൾ പ്രകാരമാണ് തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിച്ചത് എന്നതിനാൽ പ്രസ്തുത ഉത്തരവുകൾ ഭാഗികമായി ഭേദപ്പെടുത്തി ടിയാൻമാരുടെ സീനിയോറിറ്റി നഷ്ടപ്പെടുത്താതെ ജോലിയിൽ പ്രവേശിച്ച ജില്ലയിൽ തന്നെ സ്ഥലംമാറ്റിയ മുതൽ തീയതി മുതൽക്ക് തന്നെ തിരികെ മാറ്റി നിയമിക്കുന്നതിനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(iii) ഇതേ വിഷയത്തിൽ ബഹു.കോടതി ഉത്തരവുകളുടെ വെളിച്ചത്തിൽ ശ്രീ സനൽ രാജ്, രഞ്ജിത് ഡി, ശ്രീമതി രാജി സി ടി, ശ്രീമതി ബിന്ദു പി കെ എന്നിവർക്ക് ടിയാളുകൾക്കു സീനിയോറിറ്റി പുനഃസ്ഥാപിച്ചുകൊണ്ടും തൊട്ടടുത്ത ജൂനിയറിന് പ്രൊമോഷൻ ലഭിച്ച തീയതി പ്രാബല്യത്തിൽ Public Health Inspector Gr I തസ്തികയിലേക്ക് നോഷനൽ പ്രൊമോഷൻ അനുവദിച്ചുകൊണ്ടും പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവായിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 29.09.2025

തീയതിയിലെ OA 1668/2025 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ വിനോദ് കുമാർ കെ, ശ്രീ.മുജീബ് ഖാൻ എ. എന്നിവർക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II കേഡറിലെ (അതാത്) ജില്ലാ സീനിയോറിറ്റി പുനഃസ്ഥാപിച്ചുനൽകുന്നതിനും തൊട്ടടുത്ത ജൂനിയറിന് പ്രൊമോഷൻ ലഭിച്ച തീയതി പ്രാബല്യത്തിൽ Public Health Inspector Gr I തസ്തികയിലേക്ക് നോഷനൽ പ്രൊമോഷൻ അനുവദിച്ചുനൽകുന്നതിനും പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട്, അപേക്ഷകർ സമർപ്പിച്ച അനക്ഷർ എ 14, അനക്ഷർ എ15 നിവേദനങ്ങൾ തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ 1668/2025 നമ്പർ കേസിലെ 29.09.2025 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീ വിനോദ് കുമാർ കെ, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ,ആലപ്പുഴ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.മുജീബ് ഖാൻ എ , പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ,ചെങ്ങന്നൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
സെക്ഷൻ ഓഫീസർ
Date: 18-03-2026 16:17:42